പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**<u>കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ കാലതാമസം</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4190 — 20-03-2018-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി.കെ. ശശീന്ദ്രൻ** | | **ഡോ. കെ.ടി. ജലീൽ** (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ MLA- നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ ഫണ്ട് എന്നിവ മുഖേന നടപ്പാക്കേണ്ട എത്ര പദ്ധതികളാണ് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറി, എഞ്ചിനീയറിംഗ് വിഭാഗം എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്: | (എ) | 2016-17, 2017-18 എന്നീ വർഷങ്ങളിൽ എം.എൽ.എ.യുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട പ്രവൃത്തികളൊന്നും തന്നെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടില്ല. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ബഹു. എം.എൽ.എ യുടെ ആസ്തിവികസന വികസന ഫണ്ടിൽ നിന്നും 4 പ്രവൃത്തികൾ വീതം കൽപ്പറ്റ ബ്ലോക്കിലെ എൻജിനിയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കേണ്ട 10 പ്രവൃത്തികളാണ് 2016-17 വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2017-18 വർഷത്തിൽ ദുരന്ത നിവാരണ ഫണ്ട് പ്രവൃത്തികൾ ഒന്നും തന്നെ നടപ്പാക്കാൻ ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) | ഇതിൽ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച എല്ലാ പദ്ധതികളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എഞ്ചിനീയറിംഗ് വിഭാഗം എന്നിവർ കൈമാറിയിട്ടുണ്ടോ: | (ബി) | 2016-17 വർഷത്തിലെ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇനിയും കൈമാറിയിട്ടില്ല എങ്കിൽ കാലതാമസം വന്നതിനുള്ള സാഹചര്യം പരിശോധിക്കുമോ; | (സി) യും (ഡി) യും | പരിശോധിക്കുന്നതാണ് |
| (ഡി) | സർക്കാർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥ സംവിധാനത്തിൽ മാറ്റം വരുത്താൻ തയ്യാറാകുമോ? | | |

**സെക്ഷൻ ഓഫീസർ**